സ്കാർലെട് സെന്റ്ക്ലെയറിന്റെ ‘എ ടച് ഓഫ് ഡാർക്നെസ്സ് “ എന്ന നോവലിന്റെ ആസ്വാദനം
.....ചാപ്റ്റർ 3 .....” ന്യൂ ഏതൻസ് ന്യൂസ് “

നീന പനക്കൽ

************************************

മൂന്നാമധ്യായം തുടങ്ങുന്നതിനു മുൻപ് ഗ്രീക്ക് മിത്തോളജിയിലെ മറ്റൊരു ദേവിയെ പരിചയപ്പെടുത്തട്ടെ. സത്യവേദ പുസ്തകത്തിൽ അപ്പോസ്തലനായ പൗലോസ് എഫെസ്യർക്ക് എഴുതിയ ലേഖനം പത്തൊൻപതാം അധ്യായത്തിൽ ആർറ്റിമെസ് ദേവിയുടെ ക്ഷേത്രങ്ങളെ കുറിച്ചും പേഗൻ വർഷിപ്പിനെ കുറിച്ചും എഴുതിയിരിക്കുന്നു . അതേ ദേവതയെ ആണ് ഞാൻ പരിചയപെടുത്തുന്നത് .

സ്യുസ് ദേവന് ലിറ്റോ ദേവിയിൽ ജനിച്ച മകളാണ് ആർട്ടിമിസ് ദേവി. ആർട്ടിമിസിന്റെ ഇരട്ട സഹോദരനാണ് അപ്പോളോ ദേവൻ.

സ്യുസ് ദേവന് ലിറ്റോ ദേവിയിൽ മക്കളുണ്ടാവാൻ പോകുന്നതറിഞ്ഞു അസൂയയും ദേഷ്യവും മൂത്ത് സ്യുസിന്റെ ഭാര്യയായ ഹീരാദേവി ലിറ്റോയെ അധികമധികം ദ്രോഹിച്ചു. ഭൂമിയിൽ, ഗ്രീസിൽ ഒരിടത്തും , സമനിലത്തിൽ ലിറ്റോയെ പ്രസവിക്കാൻ അനുവദിക്കരുതെന്ന് ഹിര ഭൂമിയെ വിലക്കി. മാത്രമല്ല , പൈത്തോൺ എന്നൊരു മഹാസർപ്പത്തെ അയച്ച് അവരെ ഭയപ്പെടുത്തി ഓടിക്കുയും ചെയ്തു. അതും പോരാഞ്ഞു പ്രസവത്തിന്റെ ദേവതയെ ഭയപ്പെടുത്തുക മൂലം , രണ്ട് കുഞ്ഞുങ്ങളെ വയറ്റിലിട്ട് , പ്രസവിക്കാനാവാതെ ഭൂമിയിൽ ഉടനീളം ലിറ്റോ ഓടി. ഒടുവിൽ ഡിലോസ് {Delos } എന്നൊരു ഒഴുകി നടക്കുന്ന ദ്വീപിൽ അവർ അഭയം പ്രാപിച്ചു. അഭയം ലഭിച്ചതിനു പകരമായി ലിറ്റോ ആ ഒഴുകിനടക്കുന്ന ദ്വീപിനെ Ajiyan കടലിൽ നങ്കൂരമിട്ട് സ്ഥിരമായി നിൽക്കുമാറാക്കി .ഡിലോസിൽ വച്ചാണ് ലിറ്റോ ദേവി ആർട്ടിമിസിനെ പ്രസവിച്ചത്. ഒൻപതാം ദിവസമാണ് അപ്പോളോ ദേവൻ ജനിച്ചത്.

(ഇതൊക്കെ നടക്കുമ്പോൾ ദേവന്മാരുടെ രാജാവായ സ്യുസ് എന്തു ചെയ്യുകയായിരുന്നു നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.)

നായാട്ടിന്റെ ദേവതയാണ് ആർട്ടിമിസ് .പ്രകൃതിയെ നിയന്ത്രിക്കുന്നത് ഈ ദേവിയാണ് . അമ്പും വില്ലും പ്രയോഗിക്കുന്നതിൽ അതിനിപുണ . കന്യകയായി ജീവിക്കാനും, പുരുഷ ദൈവങ്ങളിൽ നിന്ന് സ്വതന്ത്രയാവാനും പിതാവിനോട് അനുവാദം വാങ്ങിയവൾ. മൃഗങ്ങളുടെ മേൽ അമിത സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ലൂണാർ സൈക്കിളിനെ നിയന്ത്രിക്കുന്നവൾ .മൃഗങ്ങളുമായി വാർത്താവിനിമയം നടത്തിയിരുന്നു. പ്രകൃതിയുടെയും വന്യ ജീവികളുടെയും സംരക്ഷക .ആൺമാനുകൾ അവളുടെ ജീവിതത്തിൽ സുപ്രധാന പങ്കു വഹിച്ചിരുന്നു. അവളുടെ രഥം വലിക്കുന്നത് സ്വർണക്കൊമ്പുകളുള്ള ആൺമാനുകളാണ് . കരടി, കാട്ടുപന്നി പലതരം പക്ഷികൾ എന്നിവയുടെ ദേവതയാകയാൽ അതിക്രൂരരായ വിചിത്ര ജീവികളെ ഇവ ആഹാരമാക്കി കാടിനെ രക്ഷിച്ചിരുന്നു.

പുരുഷ വിദ്വേഷിയായിരുന്ന ആർട്ടിമിസ് .അവരുടെ നല്ല ചങ്ങാതിയായിരുന്നു, ആക്ടേയൻ (Actaeon ). കാട്ടിലെ ഒരു അരുവിയിൽ അവൾ സ്നാനം ചെയ്യുന്നത് അബദ്ധവശാൽ കണ്ടുപോയ ആക്ടേയനെ ,അവൾ ഒരു മാനിന്റെ രൂപത്തിലാക്കി . സത്യമറിയാതെ അയാളുടെ തന്നെ വേട്ടനായകൾ അയാളെ കടിച്ചു കൊന്നു തിന്നു.

ആക്ടേയന്റെ മരണത്തിൽ വളരെ സങ്കടത്തിലായ അയാളുടെ വേട്ടനായ്ക്കൾക്ക് , ഭൂമിയിലെ മനുഷ്യർ മരിക്കുമ്പോൾ അവരുടെ ആത്മാക്കളെ അധോലോകത്തിലെ സ്റ്റൈക്സ് (STYX ) നദി കടത്തി കൊണ്ടുപോകുന്ന ശാരൻ എന്ന തോണിക്കാരൻ , ആക്ടേയന്റെ ജീവനുണ്ടെന്ന് തോന്നിപ്പിക്കുന്ന ഒരു പ്രതിമ നിർമിച്ചു കൊടുത്തു എന്നും, വേട്ടനായ്ക്കൾ അതിൽ തൃപ്തിപ്പെട്ടു എന്നും കഥ.

നിനക്ക് രണ്ട് മക്കളേ ഉള്ളൂ ,എനിക്ക് പന്ത്രണ്ട് മക്കളുണ്ട് എന്ന് വീമ്പിളക്കിയ നയോബി (NIOBE ) യുടെ ആറ് പെണ്മക്കളെ ആർട്ടീമിസ് കൊന്നു, ആറു ആൺമക്കളെ അപ്പോളൊയും .

എന്താല്ലേ?

(വിക്കിപീഡിയ )

പെർസെഫനി മുഖക്കണ്ണാടിയിൽ നോക്കി. കാലാവസ്ഥയുടെയും വിളവെട്ടപ്പിന്റെയും ദേവതയായ തന്റെ മാതാവിനോട് കടം വാങ്ങിയ ഗ്ളാമർ (മാജിക്) കൊണ്ട് തലമുടിയും പച്ച നിറത്തിൽ തീഷ്ണമായി പ്രകാശിക്കുന്ന കണ്ണുകളും, കൊമ്പുകളും മറച്ചുവച്ചു. പെട്ടെന്നാണവൾ ശ്രദ്ധിച്ചത്, തന്റെ കൈത്തണ്ടയിൽ വളയിട്ടതുപോലെ ഒരു അടയാളം!! അവൾ സൂക്ഷിച്ചു നോക്കി .ചെറുതും വലുതുമായ കറുത്ത പൊട്ടുകൾ ; മനോഹരമായ ടാറ്റു കുത്തിയത് പോലെ.പൈപ്പ് തുറന്ന് ആ പാട്ടുകളെ കഴുകിക്കളയുവാൻ അവൾ ശ്രമിച്ചു. കഴുകുന്തോറും അവ കൂടുതൽ തിളങ്ങി .

അപ്പോഴാണ് ഇന്നലെ നെവർ നൈറ്റിൽ വച്ച് ഹെയ്ഡിസ് അവളുടെ കൈത്തണ്ടയിൽ ബലമായി കയറിപ്പിടിച്ചത് ഓർമ്മ വന്നത്. അയാളുടെ കൈയിലെ ചൂട് തന്റെ ശരീരത്തിലേക്ക് റേഡിയേറ്റ് ചെയ്യതായി അവൾക്ക് തോന്നിയിരുന്നു..ക്ലബ്ബിൽ നിന്നും ഇറങ്ങിയപ്പോൾ കൈത്തണ്ടയിൽ ചെറുതായി നീറ്റലും അനുഭവപ്പെട്ടിരുന്നു. പെർസെഫനിക്ക് തന്നോട് തന്നെ വെറുപ്പ് തോന്നി. എന്തിനാണ് താൻ ഹെയ്ഡിസിന്റെ ചൂതുകളി മുറിയിൽ പോയത്?, മരണത്തിന്റെ ദേവനോട് തന്നെ ചൂതുകളി പഠിപ്പിക്കാൻ ആവശ്യപ്പെട്ടത്? കാരണം അറിയാം. അയാളുടെ ആ സൗന്ദര്യം തന്നെ. അയാളൊരു മന്ത്രവാദിയാണ് . എ ചാർമിങ് ബാസ്റ്റാഡ് .തനിക്ക് അറിയില്ലായിരുന്നല്ലോ അയാളുടെ മന്ത്രവാദം തന്റെ ഹൃദയമിടിപ്പ് നിർത്താൻ പോന്നതാണെന്ന്. എങ്കിലും എന്റെ ചോദ്യങ്ങൾക്ക് ഉത്തരം തരാൻ അയാൾ ബാധ്യസ്ഥനാണ് . ഇന്നെനിക്ക് ക്ലാസ്സുണ്ട് .ക്ലാസ്സ് കഴിയട്ടെ .

മേശപ്പുറത്തിരുന്ന ആഭരണപെട്ടി തുറന്ന് വീതിയുള്ള കറുത്ത നിറത്തിലുള്ള ഒരു ബ്രെസ്‌ലെറ്റ് കണ്ടുപിടിച്ച് കൈത്തണ്ടയിലെ പാട്ടുകൾ മറച്ച് ,മുറി തുറന്ന് അവൾ പുറത്തിറങ്ങിയതും ഡെമെറ്റർ ദേവി അവളുടെ മുന്നിൽ പ്രത്യക്ഷയായി.

" ഓ ദൈവങ്ങളെ , ഒരു സാധാരണ അമ്മയെപ്പോലെ മുറിക്കു മുന്നിൽ വന്ന് വാതിലിൽ മുട്ടിയാൽ എന്തുപറ്റും മമ്മാ?"

" അബദ്ധം വിളിച്ച് പറയാതെ കുട്ടി." ശാസിച്ചിട്ട് അവർ മകളുടെ മുഖത്ത് കുറച്ച് കൂടി മാജിക് ഇട്ടു. തലമുടിയും കൊമ്പുകളും മാജിക് കൊണ്ട് മറച്ചു .ചുരുണ്ട് വെളുത്ത തലമുടി നീളത്തിലാക്കി .

" എനിക്ക് സ്വന്തമായി മാജിക്ക് ഇല്ലാത്തത് കൊണ്ടാണല്ലോ മമ്മായെ ആശ്രയിക്കേണ്ടി വരുന്നത് !പതിനെട്ടു വയസ്സുവരെ കണ്ണാടിക്കൂട്ടിൽ അടച്ചിട്ടിരുന്നത് കാരണം മാജിക്കിൽ തനിക്കൊരു അല്പം പോലും ജ്ഞാനമില്ലല്ലോ. താങ്ക്യൂ മദർ .ഞാനൊരു ഒളിംപിയൻ മദറിന്റെ മാജിക് ഇല്ലാത്ത മകളാണ് ."

" മനുഷ്യരോടോപ്പമുള്ള വാസം നിന്നെ എന്നിൽ നിന്നും അകറ്റുകയാണ് ."

" അങ്ങനെ പറയല്ലേ മമ്മാ. എനിക്ക് മമ്മായല്ലാതെ വേറെയാരാണുള്ളത്?"

" അതു മറക്കണ്ടാ ." അവർ അപ്രത്യക്ഷയായി.

പെർസെഫനിക്ക് കാർ ഇല്ല. മറ്റു ദേവകളെപോലെ ടെലിപോർട്ട് (കൈഞൊടിക്കുമ്പോൾ ഉദ്ദേശിച്ച സ്ഥലത്ത് എത്തുന്ന മന്ത്രവാദം )ചെയ്യാനുള്ള കഴിവുമില്ല. അക്കാരണത്താൽ അവൾ ബസ് സർവീസ് ആണ് ഉപയോഗിക്കുന്നത്.

അവൾ നടക്കാൻ തുടങ്ങി. പതിനെട്ടു വർഷം താൻ ജീവിച്ച കണ്ണാടിക്കൂടിനെ കുറിച്ചവൾ ഓർത്തു. എത്ര വ്യത്യസ്തമാണ് ഈ ലോകം. അംബര ചുംബികളായ കണ്ണാടി കെട്ടിടങ്ങൾ ,ചരിത്രം നിറഞ്ഞ മ്യൂസിയങ്ങൾ ,ആർട്ട്,..... ഒറ്റക്ക് നടക്കുമ്പോൾ താൻ സ്വതന്ത്രയാണെന്ന് അവൾ തിരിച്ചറിയുന്നു.

എത്ര റിലാക്സ് ചെയ്യാൻ ശ്രമിച്ചിട്ടും കൈത്തണ്ടയിലെ ബ്രെസ്‌ലെറ്റ് അവളെ അതിനനുവദിക്കുന്നില്ല .നെവർനൈറ്റും അതിന്റെ രാജാവും അവളുടെ മനസ്സിൽ നിന്ന് മായുന്നമില്ല. അയാൾ വലിയ ധിക്കാരിയാണെന്ന് മമ്മാ പറയുന്നത് സത്യമാണോ? ആ കറുത്ത കണ്ണുകൾ തന്നെ ഉഴിഞ്ഞത് ഓർക്കുമ്പോൾ , കാർഡുകൾ ഷഫിൾ ചെയ്യുമ്പോൾ അയാളുടെ വിരലുകളുടെ ഭംഗി കണ്ടപ്പോൾ........

ആ വിരലുകൾ തന്റെ ശരീരത്തിൽ സ്പർശിച്ചാൽ എന്ത് അനുഭൂതിയാവും തനിക്ക് ലഭ്യമാവുക? ആ ശക്തമായ കരങ്ങൾ തന്നെ കോരിയെടുത്താലോ?

ഹെയ്ഡിസിനെ കണ്ടശേഷം മുൻപൊന്നും ആഗ്രഹിക്കാത്ത പലതും താൻ ആഗ്രഹിച്ചു പോകുന്നു . അയാളെ “”അട്രാക്ടീവ്” എന്ന് ചിന്തിക്കുന്നത് ഒരുകാര്യം, പക്ഷെ അയാളെ ആഗ്രഹിക്കുന്നത്? അങ്ങനെ തങ്ങളുടെ ഇടയിൽ സംഭവിക്കുക അസാധ്യം. മമ്മാ അയാളെ അത്യധികം വെറുക്കുന്നു എന്ന് തനിക്കറിയാം. അയാളുമായി അടുത്താലത് വിലക്കപ്പെട്ട ബന്ധമാവും.

പെർസെഫനി അക്രോപോളിസ് എന്ന സ്ഥലത്തെത്തി.സ്വർണനിറത്തിലുള്ള ഗ്ലാസ്ഡോറുകൾ തുറന്ന് അകത്തുകയറി. അവിടെയാണ് സ്യൂസിന്റെ അഡ്വെർടൈസിങ് കമ്പനി സ്ഥിതി ചെയ്യുന്നത്. തൊട്ടടുത്ത നിലയിലാണ് “ന്യൂ ഏതെൻസ് ന്യൂസ്”. ആദ്യമായി താൻ അവിടെ ഇന്റേൺ ഷിപ്പിന് പോവുകയാണ് .

അകത്തേക്ക് കയറിയതും സുന്ദരിയായായ ഒരു പെൺകുട്ടി അവളെ എതിരേറ്റു .”പെർസെഫനി, ഡിമിട്രി നിന്നെ പ്രതീക്ഷിച്ച് ഇരിക്കയാണ് . അകത്തേക്ക് കടന്നോളൂ.”

ഡിമിട്രി ഒരു പ്രായം ചെന്ന മനുഷ്യനാണ്. ‘ഇരിക്ക് സെഫനി. നീ നിന്നെക്കുറിച്ച് എന്നോട് പറയൂ.’

‘ ഞാൻ ന്യൂ ഏതെൻസ് കോളേജിൽ പഠിക്കുന്നു.മെയ് മാസത്തിൽ ഗ്രേഡുവേറ്റ് ചെയ്യും.’

‘എന്തൊക്കെയാണ് നിന്റെ ഹോബികൾ?’

‘ഞാൻ കഥകൾ എഴുതും .’

‘ നല്ലത്.ഞങ്ങൾക്ക് വേണ്ടത് കഥകളല്ല .സത്യമായ കാര്യങ്ങളാണ് . സത്യമായതിലാണ് പവർ ഇരിക്കുന്നത് . നിനക്ക് പവർ വേണോ?’

‘ എനിക്ക് പവർ വേണം.’

‘വളരെ നല്ലത്.’ ഡെമിട്രി അവളുടെ ഇരിപ്പിടം കാണിച്ച് കൊടുത്തു. തൊട്ടടുത്ത് കാൽപ്പെരുമാറ്റം കേട്ട് അവൾ തിരിഞ്ഞു നോക്കി. അഡോണിസിനെ കണ്ട് അതിശയിച്ചു.

‘നിങ്ങൾ ഇവിടെ ജോലിചെയ്യുന്നു എന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു ‘

‘നിങ്ങൾ ഇവിടെ അപ്രന്റീസ് ആയി വരുന്നു എന്ന് ഞാനും അറിഞ്ഞില്ല.’

ഓഫീസ് മുറികളും , ജീവനക്കാരെയും പരിചയപ്പെടുത്താൻ അഡോണിസിനെ ഏൽപ്പിച്ച ശേഷം ഡിമിട്രി തന്റെ ജോലികളിൽ മുഴുകി.

‘ഏതു തരം കഥകൾ എഴുതാനാണ് പെർസെഫനിക്കിഷ്ടം ?’ അഡോണിസ് ചോദിച്ചു. പെർസെഫനിയുടെ സൗന്ദര്യം അയാളെ മത്തുപിടിപ്പിക്കുണ്ടായിരുന്നു.

‘എനിക്ക് മിസ്റ്റരികൾ സോൾവ് ചെയ്യുന്ന കഥകൾ എഴുതാനാണിഷ്ടം.’

‘ അത് നന്നായി. നമ്മുടെ ലഞ്ച് റൂമിൽ ആരോ ലഞ്ച് മോഷ്ടിക്കുന്നുണ്ട്. ആളെ ഒന്ന് കണ്ടുപിടിച്ച് തരണം.’

പെർസെഫനി ചിരിച്ചു. ഓ ഞാനിവിടെ വന്നത് നന്നായി. എല്ലാവരും നല്ല മനുഷ്യരാണ്. അയാം ഗോയിങ് ടു ലൈക് ഇറ്റ് ഹിയർ.

*****************************************************